സ്പോർട്സ്(1)6960013

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം തിരുവനന്തപുരം
തിയതി

സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - ദേശീയസ്കൂൾ അത് ലറ്റിക് ചാമ്പ്യൻഷിപ്പിലേക്കുള്ള സംസ്ഥാന ടീം സെലക്ഷൻ മാനദണ്ഡം നിശ്ചയിക്കുന്നത് സംബന്ധിച്ച്

സൂചന : 57-)മത് സംസ്ഥാന സ്കൂൾ അത് ലറ്റിക് ചാമ്പ്യൻഷിപ്പ് നവംബർ മാസം 23 മുതൽ 26 വരെ എറണാകുളത്ത് വച്ച് നടക്കുന്നു. 2014 ജനുവരി 8 മുതൽ 12 വരെ റാഞ്ചിയിൽ വച്ച് നടക്കുന്ന 59-ാമത് ദേശീയ സ്കൂൾ അത് ലറ്റിക് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനുള്ള കേരളാ ടീമിനെ തെരഞ്ഞെടുക്കുന്നത് ടി സംസ്ഥാന ചാമ്പ്യൻഷിപ്പിൽ നിന്നാണ് .

എന്നാൽ ബ്രസീലിൽ വച്ചുനടക്കുന്ന ലോക സ്കൂൾ മീറ്റിൽ ഇൻഡ്യൻ ടീമിനെ പ്രതിനിധികരിച്ച് കേരളത്തിലെ 7 കായിക താരങ്ങൾ പങ്കെടുക്കുന്നതിനാൽ, നവംബർ മാസം 23 മുതൽ 26 വരെ എറണാകുളത്ത് വച്ച് നടക്കുന്ന 57-ാമത് സംസ്ഥാന സ്കൂൾ അത് ലറ്റിക് ചാമ്പ്യൻഷിപ്പിൽ ടി കായികതാരങ്ങൾക്ക് പങ്കെടുക്കാൻ സാധിക്കില്ല

ഇതിനാൽ ലോക മീറ്റിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് സംസ്ഥാന ടീമിലേക്ക് ഇടം കണ്ടെത്തുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കുന്നതാണ്

1. ലോക ചാമ്പ്യൻഷിപ്പിലേക്ക് യോഗ്യത നേടുന്നതിന് പൂനയിൽ വച്ചുനടന്ന സെലക്ഷൻ ട്രയൽസിന്റെയും, ബ്രസീലിൽ വച്ചുനടക്കുന്ന ലോക സ്കൂൾ മീറ്റിന്റെയും പെർഫോമൻസും പരിഗണിക്കുന്നതാണ്
2. ലോക സ്കൂൾ മീറ്റിൽ പങ്കെടുക്കുന്ന കായികതാരങ്ങളുടെ ഇനവും, പെർഫോമൻസും സംസ്ഥാന സ്കൂൾ മീറ്റിന്റെ പെർഫോമൻസും താരതമ്യം ചെയ്ത് , മികച്ചത് പരിഗണിക്കുന്നതാണ്.
3. ലോക സ്കൂൾ മീറ്റിൽ പങ്കടുക്കുന്നവരുടെ ഇനങ്ങളിൽ സംസ്ഥാന സ്കൂൾ ടീമിൽ രണ്ടു പേർ ഇടം നേടുകയാണെങ്കിൽ മികച്ചത് പരിഗണിക്കുകയും തുല്ല്യതയാണെങ്കിൽ 2-ാം സ്ഥാനവുമായി കോച്ചിംഗ്ക്യാമ്പിൽ വച്ച് സെലക്ഷൻ ട്രയൽസ് നടത്തി മികച്ചത് കണ്ടെത്തുന്നതാണ്.
4. ലോകമീറ്റിൽ പങ്കെടുക്കുന്ന കായികതാരങ്ങൾ സാധാരണയായി അവർ പങ്കെടുക്കുന്ന മറ്റിനങ്ങളിലേക്ക് യോഗ്യത നേടുന്നതിനായി ആ ഇനങ്ങളിലേക്ക് സംസ്ഥാനടീമിൽ രണ്ടു പേർ ഇടം കണ്ടെത്തിയാൽ , രണ്ടാം സ്ഥാനവുമായി കോച്ചിംഗ്ക്യാമ്പിൽ വച്ച് സെലക്ഷൻ ട്രയൽസ് നടത്തി മികച്ചത് കണ്ടെത്തുന്നതാണ്.
5. ലോകമീറ്റിൽ പങ്കെടുക്കുന്ന കായികതാരങ്ങൾ പങ്കെടുക്കുന്ന ഇനങ്ങളിൽ സംസ്ഥാന മീറ്റിലൂടെ ആരും തന്നെ യോഗ്യത നേടിയില്ലെങ്കിൽ ഇവരെ സംസ്ഥാനടീമിലേക്ക് പരിഗണിക്കുന്നത് ദേശീയമത്സരത്തിനുള്ള യോഗ്യതാമാനദണ്ഡം അനുസരിച്ചായിരിക്കും.

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങൾക്കും സംസ്ഥാനടീമിന്റെ യോഗ്യതാമാർക്ക് നിർബന്ധമായിരിക്കും.